# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 13**

---

## മികച്ച വിജയം നേടിയ അംഗപരിമിത വിദ്യാർഥികളെ ആദരിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്(ഐ.യു.സി.ഡി.എസ്) കോട്ടയം ജില്ലയിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അംഗപരിമിതരായ വിദ്യാർഥികളെ ആദരിക്കുന്നു.

അർഹരായ വിദ്യാർഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ജൂൺ 22ന് മുൻപ് ഐ.യു.സി.ഡി.എസ് ഓഫീസിൽ എത്തിക്കുകയോ iucdsmgu@mgu.ac.in എന്ന ഇ മെയിൽ വിലാസത്തിലേക്ക് അയയ്ക്കുകയോ ചെയ്യണം. ഫോൺ: 9495213248

(പി.ആർ.ഒ/39/639/2023)

## കോളജ് യൂണിയൻ; കൗൺസിലർമാരുടെ വിവരങ്ങൾ നൽകണം

2022-2023 അധ്യയന വർഷത്തിലെ കോളജ് യൂണിയൻ തെരഞ്ഞെടുപ്പിൽ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇതുവരെ സമർപ്പിച്ചിട്ടില്ലാത്ത എല്ലാ അഫിലിയേറ്റഡ് കോളജുകളും ജൂൺ 15നു മുൻപ് സർവകലാശാലയിൽ സമർപ്പിക്കണം. പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോകളും കോളജ് തിരിച്ചറിയൽ കാർഡിൻറെ പകർപ്പും ഉൾപ്പെടെയാണ് നൽകേണ്ടത്.

(പി.ആർ.ഒ/39/640/2023)

## സർട്ടിഫിക്കറ്റ് കോഴ്സ്

മറവിരോഗികളുടെയും മുതിർന്നവരുടെയും പരിപാലനവും കൗൺസലിംഗും എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും(ഐ.യു.സി.ഡി.എസ്) പാലാ, ഡിമെൻഷ്യ കെയറും സംയുക്തമായി നടത്തുന്ന ആറു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു ആണ് അടിസ്ഥാനയോഗ്യത. പ്രായപരിധിയില്ല.

ക്ലാസ്സുകൾ പ്രധാനമായും ഞായറാഴ്ചകളിലും പൊതു ഒഴിവു ദിവസങ്ങളിലുമായിരിക്കും. തിയറി ക്ലാസ്സുകൾ സർവകലാശാലയിലും പരിശീലനം വിവിധ കേന്ദ്രങ്ങളിലുമാണ് ക്രമീകരിക്കുക.

താത്പര്യമുള്ളവർ iucdsmgu@mgu.ac.in എന്ന മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ: 9495213452, 9072014360.

(പി.ആർ.ഒ/39/641/2023)

## ടെക്നിക്കൽ അസിസ്റ്റൻറ്, ലാബ് അസിസ്റ്റൻറ്; വാക്ക്-ഇൻ-ഇൻറർവ്യൂ 19ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ ടെക്നിക്കൽ അസിസ്റ്റൻറ്, ലാബ് അസിസ്റ്റൻറ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യു ജൂൺ 19 ന് രാവിലെ 11.30 ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.

രണ്ടു തസ്തികകളിലും ഈഴവ/ബില്ലവ/തിയ്യ എന്നീ സംവരണ വിഭാഗത്തിലെ ഒരൊഴിവിലേക്ക് മൂന്നു മാസത്തേക്കായിരിക്കും നിയമനം.

ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേക്ക് അപേക്ഷിക്കുന്നവർക്ക് ബി.ടെക് ഫുഡ് പ്രോസസിംഗ്, എം.എസ്.സി ഫുഡ് സയൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ, എം.എസ്.സി ഫുഡ് ആൻഡ് ന്യൂട്രീഷൻ എന്നിവയിൽ ഏതെങ്കിലും യോഗ്യത ഉണ്ടായിരിക്കണം. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 25000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 39 കവിയരുത്.

കെമിസ്ട്രി, ലൈഫ് സയൻസ് എന്നിവയിൽ ഏതിലെങ്കിലും ബിരുദമാണ് ലാബ് അസിസ്റ്റൻറ് തസ്തികയിലേക്ക് പരിഗണിക്കപ്പെടുന്നതിനുള്ള അടിസ്ഥാനയോഗ്യത. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 15000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 39 കവിയരുത്.

താൽപര്യമുള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി, നോൺ ക്രീമിലെയർ വിഭാഗം, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അസ്സലും പകർപ്പുകളും സഹിതം ജൂൺ 19ന് രാവിലെ 10.30ന് സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലുള്ള എ.ഡി.എ 5 സെക്ഷനിൽ എത്തണം.

വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/642/2023)

## ടെക്നിക്കൽ അസിസ്റ്റൻറ്; വാക്ക്-ഇൻ-ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് റോബോട്ടിക്സിൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ കരാർ നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യു ജൂൺ 19 ന് രാവിലെ 10.30 ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.

പൊതു വിഭാഗത്തിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേക്കാണ് നിയമനം.

കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, കമ്പ്യൂട്ടർ എൻജിനീയറംഗ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ഐ.ടി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും ജി.പി.യു കമ്പ്യൂട്ടിംഗ്,നെറ്റ് വർക്കിംഗ്,പൈത്തൺ പ്രോഗ്രാമിംഗ് എന്നിവയിലുള്ള പ്രവൃത്തി പരിചയവുമാണ് അടിസ്ഥാന യോഗ്യത.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 30000 രൂപ, പ്രായപരിധി 2023 ജനുവരി ഒന്നിന് 36 കവിയരുത്.

താൽപര്യമുള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, നോൺ ക്രീമിലെയർ വിഭാഗം, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അസ്സലും പകർപ്പുകളും സഹിതം ജൂൺ 19ന് രാവിലെ 10ന് സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലുള്ള എ.ഡി.എ 5 സെക്ഷനിൽ ഹാജരാകണം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/643/2023)

## ഗാർഡൻ വർക്കർ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഗാർഡൻ വർക്കർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. 525 രൂപ ദിവസവേതനത്തിൽ 90 ദിവസത്തേയ്ക്ക് താത്കാലികാടിസ്ഥാനത്തിലായിരിക്കും നിയമനം.

അപേക്ഷകർ സർവകലാശാലയുടെ എട്ടു കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരായിരിക്കണം. പ്രായം 21നും 58നും മധ്യേ.

വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ഇലക്ഷൻ വോട്ടർ തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ ആധാർ കാർഡിൻറെ പകർപ്പ് സഹിതം ജൂൺ 26നകം അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)ന് നൽകണം.

(പി.ആർ.ഒ/39/644/2023)

## അപേക്ഷാ സമയപരിധി നീട്ടി

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്), രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് ഫീസ് അടച്ച് അപേക്ഷിക്കുവാനുള്ള സമയപരിധി ജൂൺ 13 വരെ നീട്ടി.

ജൂൺ 14ന് പിഴയോടു കൂടിയും ജൂൺ 15ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/645/2023)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ യു.ജി - മാർച്ച് 2023(സി.ബി.സി.എസ്.എസ് - 2015,2016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്), രണ്ടാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറെൻസിക്(സി.ബി.സി.എസ്.എസ് - 2015 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 19ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/646/2023)

## പ്രോജക്ട് ഇവാല്യുവേഷൻ,വൈവാ വോസി

പത്താം സെമസ്റ്റർ ഐ.എം.സി.എ(2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2016,2015 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ 21 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂൺ 22ന് പിഴയോടു കൂടിയും ജൂൺ 23ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/647/2023)

## പരീക്ഷാ ടൈംടേബിൾ

പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം പ്രോഗ്രമുകളുടെ - ജൂൺ 2023(സി.ബി.സി.എസ്.എസ് - 2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2012,2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ബിരുദ പരീക്ഷകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷയോടൊപ്പം അറബിക് - കൊമേഴ്സ്യൽ അറബിക് ആൻറ് ട്രാൻസലേഷൻ, രണ്ടാം സെമസ്റ്റർ പരീക്ഷയോടൊപ്പം അറബിക്-ഫങ്ഷണൽ അറബിക് എന്നീ പേപ്പറുകൾ കൂടി ഉൾപ്പെടുത്തി. പരീക്ഷകൾ യഥാക്രം ജൂൺ 19, ജൂലൈ 12 തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/648/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിംഗ് ടെക്നോളജി - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19 മുതൽ പാലാ, സെൻറ് തോമസ് കോളജിൽ നടക്കും.

..........................

2023 ഫെബ്രുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് - ഫെബ്രുവരി 2023(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 21ന് നടക്കും. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

.............................

ഒന്നാം സെമസ്റ്റർ എം.എസ്.സി സൈബർ ഫോറൻസിക് - മാർച്ച് 2023(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19 മുതൽ അതത് കോളജുകളിൽ നടക്കും.

(പി.ആർ.ഒ/39/649/2023)

## പരീക്ഷാ ഫലം

അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി - ഓഗസ്റ്റ് 2022(ഓണേഴ്സ് - 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ഫീസ് സഹിതം ജൂൺ 29 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/650/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**